# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *436 21.03.2018-ൽ മറുപടിക്ക്

### കേസന്വേഷണവും ക്രമസമാധാനപാലനവും കാര്യക്ഷമമാക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എൻ. ഷംസീർ<br>ശ്രീ. എം. സ്വരാജ്<br>ശ്രീ. ബി. സത്യൻ<br>ശ്രീ. പി.ടി.എ. റഹീം | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) മുൻ സർക്കാരിന്റെ കാലത്ത് പോലീസ് കസ്റ്റഡിയിൽ കൊല്ലപ്പെട്ട ശ്രീജീവിന്റെ മരണത്തെക്കുറിച്ച് സംസ്ഥാന സർക്കാർ അന്വേഷണം ആവശ്യപ്പെട്ടപ്പോൾ സി.ബി.ഐ. സ്വീകരിച്ച നിലപാട് എന്തായിരുന്നു; | (എ) ശ്രീജീവിന്റെ മരണത്തെക്കുറിച്ച് മുൻ സർക്കാർ സി.ബി.ഐ യോട് അന്വേഷണം ആവശ്യപ്പെട്ടിട്ടില്ല. ഈ സർക്കാരാണ് സി.ബി.ഐ അന്വേഷണം ആവശ്യപ്പെട്ട് കൊണ്ട് കേന്ദ്ര സർക്കാരിന് കത്തയച്ചത്. |
| (ബി) സംസ്ഥാനത്തെ ചില രാഷ്ട്രീയ കേസ്സുകൾ ഏറ്റെടുക്കുന്നതിന് സി.ബി.ഐ. കാണിക്കുന്ന അമിതമെന്ന തോന്നിപ്പിക്കുന്ന താല്പര്യം, പ്രസ്തുത ഏജൻസിയെ കേന്ദ്ര സർക്കാരിന്റെ രാഷ്ട്രീയ ഏജൻസിയായി ജനങ്ങൾക്ക് തോന്നിപ്പിക്കാനിടയുള്ള സാഹചര്യത്തിൽ സംസ്ഥാന പോലീസിന്റെ ആത്മവീര്യം തകർക്കുന്ന ഇത്തരം പക്ഷപാത പരമായ നടപടികൾ ഒഴിവാക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ; | (ബി) ആർ.എസ്.എസ്. - ബി.ജെ.പി. പ്രവർത്തകർ പ്രതികളായ ഏഴ് കേസുകൾ സി.ബി.ഐ ക്ക് വിടണമെന്ന് ആവശ്യപ്പെട്ട് ബഹു. ഹൈക്കോടതിയിൽ ഹർജി വന്നപ്പോൾ കോടതി ആവശ്യപ്പെടാതെ തന്നെ കേസ് ഏറ്റെടുക്കാൻ താൽപര്യം പ്രകടിപ്പിച്ചതും അതിനേക്കാൾ പ്രമാദമായതും സർക്കാർ കൈമാറിയതുമായ പല കേസ്സുകളിലും കോടതികൾ അഭിപ്രായം തേടുമ്പോൾ, കേസുകളുടെ ബാഹുല്യവും സി.ബി.ഐ ഏറ്റെടുക്കേണ്ടുന്ന പ്രാധാന്യവുമില്ലെന്ന കാരണത്താൽ പുതിയ കേസ് ഏറ്റെടുക്കാൻ |

നിർവ്വാഹമില്ലെന്ന നിലപാടെടുക്കുകയും ചെയ്യുന്നത് പക്ഷപാതം എന്ന നിലയിലാണ് പൊതുവെ വിലയിരുത്തപ്പെട്ടത്.

| | |
|---|---|
| (സി) സംസ്ഥാനത്ത് കേസന്വേഷണവും ക്രമസമാധാനപാലനവും കൂടുതൽ മികവുറ്റതാക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ? | (സി) സംസ്ഥാനത്തെ പോലീസ് സേനയെ കാര്യക്ഷമമാക്കി ക്രമസമാധാനം നിലനിർത്തുന്നതിനും, കുറ്റാന്വേഷണം കാര്യക്ഷമമാക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും നിരവധി പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 21.10.2017-ലെ സ.ഉ. (എം.എസ്) 211/2017/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിക്കുന്ന സംവിധാനം ആരംഭിക്കുകയും അവരുടെ കീഴിൽ ക്രമസമാധാന പരിപാലനത്തിനും കുറ്റാന്വേഷണത്തിനുമായി ഓരോ സബ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ രണ്ട് വിഭാഗങ്ങളായി പ്രവർത്തിച്ചു വരികയും ചെയ്യുന്നു. സൈബർ സെൽ, ഫോറൻസിക് വിഭാഗം തുടങ്ങിയവരുടെയും മറ്റ് സാങ്കേതിക വിദ്യകളുടെയും സഹായത്തോടെ സംസ്ഥാന പോലീസ് കേസന്വേഷണം ശാസ്ത്രീയമായും ഫലപ്രദമായും നടപ്പാക്കി വരുന്നു. തെളിയിക്കപ്പെടാനാകാത്ത നിരവധി കേസുകൾ തെളിയിക്കുന്നതിന് പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് തെളിയിക്കാൻ കഴിഞ്ഞിട്ടുണ്ട്. മയക്കുമരുന്നും ലഹരി വസ്തുക്കളുടെയും ഉപയോഗവും വിപണനവും തടയുന്നതിന് സംസ്ഥാനത്ത് ആന്റി നാർക്കോട്ടിക് |

സെൽ ശക്തവും കാര്യക്ഷമമവുമായി പ്രവർത്തിച്ചു വരുന്നു.

24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈൻ, ചൈൽഡ് ഹെൽപ്പ് ലൈൻ, ക്രൈം സ്റ്റോപ്പർ, സൈബർ സെൽ, വനിതാ സെൽ, പിങ്ക് പട്രോൾ, പിങ്ക് ബീറ്റ്, റിസപ്ഷൻ സംവിധാനം, ജനമൈത്രി പോലീസ്, സീനിയർ സിറ്റിസൺ, വനിതാ ഹെൽപ്പ് ഡെസ്ക്ക്, പോലീസ് സ്റ്റേഷനുകളെ പരസ്പരം ബന്ധിപ്പിച്ചു കൊണ്ടുള്ള സി.സി.റ്റി.എൻ.എസ്. സംവിധാനം, പോലീസ് സ്റ്റേഷൻ ജീപ്പുകളിൽ സ്ഥാപിച്ചിട്ടുള്ള ജി.പി.എസ്. സംവിധാനം, ക്രൈം മാപ്പിംഗ് തുടങ്ങിയ സംവിധാനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുക വഴി ക്രമസമാധാനപാലനം മികവുറ്റതാക്കാൻ സംസ്ഥാന പോലീസിന് കഴിഞ്ഞിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**